ള സ്കീം സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിൻെറ ഒരു പ്രതി മേശപ്പുറത്തു വെക്കുമോ;

(ബി) അതിനെപ്പററി ഗവമ്മെണ്ടു് എന്തു നടപടിയാണ് എടുത്തതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഉണ്ട്. ശ്രീമാൻ കോമാട്ടിൽ അച്ചുതമേനോൻ സമപ്പിച്ച റിപ്പോർട്ടിൻെറ ഒരു പ്രതി മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) റിപ്പോട്ടിലെ എല്ലാ നിർദ്ദേശങ്ങളെപ്പററിയും ഗവമ്മെണ്ടു് ആലോചിക്കുകയും പ്രായോഗികങ്ങളായവയെ പരീക്ഷിക്കുകയും ചെയ്തിട്ടുണ്ടു്.

## FOOD STUFFS FROM MILITARY STORES—PURCHASE OF

**463.** മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മിലിട്ടറി സ്റ്റോറിൽനിന്നു് എത്ര ലക്ഷം ഉറുപ്പിക വിലക്കുള്ള ഭക്ഷ്യപദാത്ഥങ്ങളാണ് ഗവമ്മെണ്ടു് വാങ്ങിച്ചിരിക്കുന്നതു്;

(ബി) ഈ ഭക്ഷണപദാത്ഥങ്ങളുടെ വിവരവും ഓരോ ഇനത്തിൻേറയും ആകെ എണ്ണമോ തൂക്കമോ അളവോ എന്തെന്നും ഗവമ്മെണ്ടു വ്യക്തമാക്കുമൊ;

(സി) ഈ പദാത്ഥങ്ങൾ ഗവമ്മെണ്ടു് എങ്ങിനെ ചിലവഴിച്ചു;

(ഡി) ചിലവുചെയ്തപ്പോൾ വന്ന ലാഭനഷ്ടങ്ങൾ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മിലിട്ടറി സ്റ്റോറിൽനിന്നു വാങ്ങിയ ടിൻ പ്രൊവിഷൻസിൻെറ വില ആകെ ക. ൫, ൪൯, ൬൫൩—൨—൭ ആണ്.

(ബി) സാധനങ്ങളുടെ വിവരം അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ടു്. (Appendix III)

(സി) കുറെ സാധനങ്ങൾ കച്ചവടക്കാക്കു വിററു. കുറെ സാധനങ്ങൾ ലേലംവിളിച്ചു വിററു.

(ഡി) സാധനങ്ങൾ മുഴവൻ വിററു തീന്നിട്ടില്ല. തീന്നശേഷമെ ലാഭനഷ്ടങ്ങളുടെ കാര്യം തീരുമാനിക്കുവാൻ നിവൃത്തിയുള്ളൂ.

## VEGETABLE FARM AT NELLIAMPATHIES

**464.** മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) നെല്ലിയാംപതിയിലെ പച്ചക്കറിത്തോട്ടത്തിൽ ൧൧൧൨-ൽ എത്ര കൂലിക്കാരാണ് പണിയെടുത്തിട്ടുള്ളതു്;

(ബി) അതിൽ കൊച്ചിക്കാർ എത്ര; പുറം നാട്ടുകാർ എത്ര;

(സി) അവിടെ സ്ത്രീകൾക്കും പുരുഷന്മാക്കും എന്തു നിരക്കനുസരിച്ചാണ് കൂലി നൽകിവരുന്നതു്;

(ഡി) കൂലിക്കുപുറമെ തൊഴിലാളികൾക്കു് എന്തെല്ലാം ജീവിത സൌകര്യങ്ങളാണു ഗവമ്മെണ്ടു ചെയ്തുകൊടുക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ൩൦൦ കൂലിക്കാർ.

(ബി) കൊച്ചിക്കാർ ൨൫. പുറംനാട്ടുകാർ ൨൭൫.

(സി) പുരുഷൻ ൧൩ അണ.
സ്ത്രീ ൧൦ അണ.
കുട്ടി ൬½ അണ.

(ഡി) (൧) കൂലിക്കാക്കു് ൨൦൦ ദിവസം ഫാറത്തിൽ ജോലി എടുത്താൽ ഒരു കമ്പിളിയും ഫാറത്തിൽനിന്നു തിരിച്ചുപോകുന്നതിനുള്ള യാത്രച്ചിലവും സൌജന്യമായി കൊടുക്കും. (൨) വൈദ്യസഹായം (free medical aid) എല്ലാ കൂലിക്കാക്കും നൽകും. (൩) ഫാറത്തിൽ മലേറിയനിവാരണ പദ്ധതികൾ ഗവമ്മെണ്ടിൽനിന്നും ചെയ്തുവരുന്നുണ്ടു്. (൪) പണിയുന്നതിന്നു പ്രായമാവാത്ത കുട്ടികൾക്കു ഉച്ചക്കു സൌജന്യമായി ഭക്ഷണം (കഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly